**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ.1065** | **11.07.2011-ൽ മറുപടിയ്ക്ക്**

## ഇലക്ട്രോണിക് മസ്റ്റർ റോൾ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഗീതാ ഗോപി : | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) | |
| എ. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഇപ്പോൾ സംസ്ഥാനത്ത് തൊഴിലാളികൾക്ക് വേതനം നൽകുന്നതിന് കാലതാമസം നേരിടുന്നുണ്ടെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ. | ഉണ്ട്. |
| ബി. | ഇത് പരിഹരിക്കുന്നതിനായി ഏർപ്പെടുത്തിയ ഇലക്ട്രോണിക് മസ്റ്റർറോൾ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | ബി. | സംസ്ഥാനത്തെ എല്ലാ വികസന ബ്ലോക്കുകളിലും 2011-12 സാമ്പത്തിക വർഷം മുതൽ ഇ-മസ്റ്റർറോൾ പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുവാൻ ഗവ: സർക്കുലർ നമ്പർ. 73945/ഡി.ഡി.2/2010/തസ്വഭവ, തീയതി: 07-01-2011 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിലെ പുരോഗതി സംസ്ഥാനതലത്തിൽ മോണിറ്റർ ചെയ്യുന്നുമുണ്ട്. |
| സി. | സംസ്ഥാനത്ത് ഏതൊക്കെ വികസന ബ്ലോക്കുകളിലാണ് ഇലക്ട്രോണിക് മസ്റ്റർ റോൾ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | സി. | 05-07-2011-ലെ എം.ഐ.എസ്. റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ദേവികുളം, ചവറ, ചിറ്റുമല, അട്ടപ്പാടി, പോത്തൻകോട് എന്നി 5 ബ്ലോക്കുകൾ ഒഴികെ എല്ലാ വികസന ബ്ലോക്കുകളിലും ഇ-മസ്റ്റർറോൾ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| ഡി. | കൃത്യമായ സമയത്ത് വേതനം നൽകുന്ന എത്ര വികസന ബ്ലോക്കുകൾ സംസ്ഥാനത്ത് ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ ? | ഡി. | സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണ ചുമതല ഗ്രാമപഞ്ചായത്തുകൾക്കാണ്. നിയമം അനുശാസിക്കും വിധം കൃത്യമായ വേതന വിതരണം നടത്തുന്നതിനു വേണ്ട ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് കാലതാമസമില്ലാതെ വേതന വിതരണം നടത്തുവാൻ ഗ്രാമപഞ്ചായത്തുകൾ ശ്രമിച്ചു വരുന്നുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ.